## പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3568 — 23.06.2014 ന് മറുപടിയ്ക്ക്

### കാസർഗോഡ് ജില്ലയിലെ വന്യമൃഗ ആക്രമണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ). | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിച്ചത് സംബന്ധിച്ച് കാസർഗോഡ് ജില്ലയിൽ നിന്നും എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) കാസർഗോഡ് ജില്ലയിൽ നിന്നും കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിച്ചത് സംബന്ധിച്ച് 246 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പരാതികളിൽ എത്ര എണ്ണം പരിഗണിക്കുകയും ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പരാതികളിൽ 234 അപേക്ഷകൾ പരിഗണിക്കുകയും 1,61,205 രൂപ നഷ്ടപരിഹാരമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) അനുവദിക്കപ്പെട്ട തുക എത്ര കർഷകർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ? | (സി) 155 കർഷകർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ